RATION DISTRIBUTION—PERINGALKUTHU EMPLOYEES

85. മിസ്റ്റർ എം. കെ. വറ്ഗീസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ട ദയവായി മറുപടി പറയുമോ.—

(എ) പെരിങ്ങൽകുത്തിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക റേഷൻ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉവ്വെങ്കിൽ തൊഴിലാളികൾക്ക നേരിട്ടാണോ കൊടുക്കുന്നത്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ :

(എ) ഉവ്വ്.

(ബി) തൊഴിലാളികളെ സപ്ലൈ ചെയ്യുന്നത ലേബർ കൺട്രാക്ടർമാരായതുകൊണ്ട്, ആ കൺട്രാക്ടർമാർ തന്നെയാണ് കൂലിക്കാക്ക റേഷനും കൊടുക്കുന്നത്.

മിസ്റ്റർ എം. കെ. വറ്ഗീസ്സ്: അവിടെ ഗവമ്മെണ്ട നേരിട്ടാണോ പണി നടത്തുന്നത് അതോ, കണ്ട്രാക്ടർമാർ മുഖാന്തിരമാണോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഗവമ്മെണ്ട നേരിട്ടല്ലാ പണി നടത്തുന്നത്. കണ്ട്രാക്ടർമാർ മുഖേനയാണ്.

മിസ്റ്റർ എം. കെ. വറ്ഗീസ്സ്: കണ്ട്രാക്ടർമാർ മുഖാന്തിരം പണിയെടുക്കുന്ന തൊഴിലാളികൾക്ക റേഷൻ കൊടുക്കുന്നുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: കൊടുക്കുന്നുണ്ട്.

മിസ്റ്റർ എം. കെ. വറ്ഗീസ്സ്: റേഷൻകൊടുക്കുന്നത് തൊഴിലാളികൾക്ക് നേരിട്ടാണോ, അതോ കണ്ട്രാക്ടർമാർ മുഖാന്തിരമാണോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: കണ്ട്രാക്ടർമാർ മുഖേനയാണ്. അവിടെ ജോലിയെടുക്കുന്നവരുടെ കണക്ക് കണ്ട്രാക്ടർമാർ തരും. ആ കണക്കനുസരിച്ചാണ് അരിമേടിക്കാൻ പമ്മിറ്റ് കൊടുക്കുന്നത്.

മിസ്റ്റർ പി. ശങ്കരമേനോൻ: അത് തൊഴിലാളികൾക്ക നേരിട്ട റേഷൻ ഷാപ്പ് മുഖാന്തിരം വിതരണം നടത്തുന്നതോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അവിടെ റേഷൻ ഷാപ്പില്ല.

മിസ്റ്റർ പി. കെ. ഡീവർ: കണ്ട്രാക്ടർമാർമുഖാന്തിരം ഇങ്ങിനെ റേഷൻ കൊടുക്കുന്നതുകൊണ്ട് ആക്കെങ്കിലും അത് കിട്ടുന്നില്ലായെന്ന പറഞ്ഞു വല്ല ആക്ഷേപവും അവിടത്തെ ലേബർ വെൽഫയർ ഓഫീസറുടെ അടുക്കൽ എത്തിയിട്ടുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കണ്ട്രാക്ട് എന്നു പറയുന്നതു പണി നടത്താനുള്ള കണ്ട്രാക്ടോ കൂലിക്കാരെ കൊടുക്കാമെന്നുള്ള കണ്ട്രാക്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: പണിനടത്താൻ.

മിസ്റ്റർ പി. എ. മുഹമ്മത് അഷ്റാഫ്: റേഷൻ കൊടുക്കുന്നത് കണ്ട്രാക്ടർമാക്കാണോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അല്ല. പക്ഷെ കണ്ട്രാക്ടർ മുഖേനയാണ് തൊഴിലാളികൾക്ക അതു കൊടുക്കുന്നത്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൂലിക്കാരുടെ എണ്ണം ശരിയാണോ എന്ന് അന്വേഷിച്ചിട്ടാണൊ റേഷൻ കൊടുക്കുന്നത്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ പി. എ. മുഹമ്മത് അഷ്റാഫ്: റേഷൻ ദുരുപയോഗപ്പെടുത്തുന്നതിനെ തടയാൻ വല്ല പദ്ധതിയും തയ്യാറാക്കീട്ടുണ്ടോ?

മിസ്റ്റർ റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അവിടെയെന്ന തന്നെയല്ലാ എവിടെയെങ്കിലും റേഷൻ ദുരുപയോഗപ്പെടുത്തുന്നുണ്ടെന്ന് ഗവമ്മെണ്ട്, അന്വേഷണത്തിൽനിന്നും മനസ്സിലാക്കിയാൽ വേണ്ട നടപടിയെടുക്കും.

മിസ്റ്റർ പി. കെ. ഡീവർ: ഇതൊക്കെ നോക്കാനല്ലേ അവിടെ ഒരു ലേബർ വെൽഫയർ ഓഫീസു വെച്ചിരിക്കുന്നത്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതെ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസ്സ് കെ. വട്ടിസ്സ്: ഈയിടെ "നവലോകം" എന്ന കടലാസിൽ അവിടത്തെ ആറേഴ് തൊഴിലാളികൾകൂടി ഒരു സ്റ്റേറ്റ്മെൻറ് പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഗവണ്മെണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെ കൊടുക്കുന്ന റേഷൻ ദുരുപയോഗപ്പെടുത്തുന്നുണ്ടെന്നു് ബഹുമാനപ്പെട്ട മെമ്പർമാക്കു് ആക്ഷേപമുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിച്ചു വേണ്ട നടപടിയെടുക്കാം.

ARTICLE IN THE "PRAJAMTHRAM"—DETAILS REGAREIG

86. Mr. P. K. Dewer *(Nominated):* Will Government be pleased to state.—

(a) whether they have seen the following report published in the "Prajamithram newspaper published from Trichur.—

"കാരയിൽ കുമ്പ എന്ന വൃദ്ധയും അവരുടെ പേരം, പേരം വയസ്സു് പ്രായമുള്ള രണ്ടു പെൺ കുട്ടികളും കൂടി വീട്ടിൽ കിടന്നുറങ്ങുമ്പോൾ അർദ്ധരാത്രി 8 പോലീസ്സുകാർ അകത്തു കയറി നിസ്സഹായരായ പെൺകുട്ടികളെ ക്രൂരമായവിധം ബലാൽസംഗം ചെയ്തു. പെൺകുട്ടികൾ മോഹാലസ്യപ്പെട്ടുപോയി എങ്കിലും ആ മൃഗങ്ങൾ വിട്ടില്ല. ഒരു കുട്ടി രക്ഷത്തിൽ കുളിച്ചു് പിറ്റെന്നുവരെ ബോധം അറ്റനിലയിൽ കിടന്നിരുന്നു"

(b) whether they have made any enquiry into these allegations of a very grave nature published by the paper with a note;

"ഉത്തരവാദപ്പെട്ട ഒരു വ്യക്തി അയച്ചു തന്നിരിക്കുന്ന ഒരു നീണ്ട റിപ്പോർട്ടിൻെറ ചുരുക്കം മാത്രമാണിതു്"

(c) if so, whether the allegations were found to be true and if true whether they would inform the House the nature of the action taken against the Constables in question;

(d) if the allegations are absolutely unfounded, whether they did ask the Editor or Publisher of the paper to substantiate these allegations;

(e) whether the leading article published in the "Express" of Mithumam 1, commenting on these allegations have attracted the attention of the Goervnment;

(f) if these allegations were unfounded whether the Government have made any attempt to disabuse the minds of the public the impression created by these allegations of such inhuman atrocities by suitable Prese Notes?

Rao Sahib A. Madhava Prabhu *(Chief Secretary to Government):*

(a) Yes.

(b) Yes.

(c) The allegations were absolutely false.

(d) No.

(e) Yes.

(f) Yes. Government published a Press Note on 19th June 1947 after making enquiries through the District Magistrate.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഇവിടെ ഒരുപ്രസ്സ് അഡ്വൈസറി കമ്മിറ്റിയില്ലേ?

റാവുസാഹിബ് എ. മാധവപ്രഭു: ഉണ്ടു്.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ആ പ്രസ്സ് അഡ്വൈസറി കമ്മിറ്റിയോടു് ആലോചിച്ചതിനുശേഷമാണോ ഗവണ്മെൻറ് ഈ പത്രങ്ങളുടെ മേൽ നടപടിയെടുത്തതു്?

റാവുസാഹിബ് എ. മാധവപ്രഭു: അല്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഈ സംഗതിയെപ്പറ്റി ആലോചിയ്ക്കാതിരുന്നതുകൊണ്ടു് പത്രത്തിൽ പറഞ്ഞിട്ടുള്ള സംഗതികളെപ്പറ്റി ഗവണ്മെൻറ് അന്വേഷണം നടത്തിയതിൻെറ ഫലം എന്താണെന്നു് പൊതുജനങ്ങൾക്കു് എങ്ങിനെ മനസ്സിലാക്കാൻ സാധിക്കും?

റാവുസാഹിബ് എ. മാധവപ്രഭു: ഗവണ്മെൻറ് അന്വേഷണംനടത്തി പ്രസ്സു് നോട്ടു പബ്ലിഷു് ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഗവണ്മെൻറിൻെറ അന്വേഷണത്തിൻെറ ഫലം പത്രപ്രവർത്തകന്മാർ മനസ്സിലാക്കുമെന്നുള്ള ഭയംകൊണ്ടാണോ അതു അവരോടാലോചിക്കാതിരുന്നതു്?

റാവുസാഹിബ് എ. മാധവപ്രഭു: അങ്ങിനെ യാതൊരു ഭയവുമില്ല.

Mr. P. K. Dewer *(Nominated):* (*d*) Answer is no. May I know why?

LIBRARY ARCHIVES Kerala Legislative Assembly